പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 958 07.02.2013-ൽ മറുപടിക്ക്.

നിർമ്മാണ തൊഴിലാളികളുടെ ആനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളികൾക്ക് നിലവിൽ എത്ര രൂപയാണ് പ്രതിമാസ പെൻഷൻ നൽകി വരുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എത്ര വർദ്ധിപ്പിക്കും ; വിശദാംശം ലഭ്യമാക്കുമോ ; | (എ) നിർമ്മാണ തൊഴിലാളികൾക്ക് നിലവിൽ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞത് 400/- രൂപ മുതൽ പരമാവധി 600/- രൂപ വരെ പ്രതിമാസ പെൻഷൻ നൽകി വരുന്നു. തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം നിലവിൽ ബോർഡിന്റെ പരിഗണനയിലില്ല. |
| (ബി) നിർമ്മാണ തൊഴിലാളികൾക്ക് ബോർഡിൽ നിന്നും നൽകി വരുന്ന സാമ്പത്തികാനുകൂല്യങ്ങൾ കാലികമായി പരിഷ്ക്കരിക്കുന്നതിനായി നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ